നം.ഐഡി1/10702/2014

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി :11.06. 2014

# സർക്കുലർ

വിഷയം : വ്യവസായം – അടിസ്ഥാനവികസനം – വ്യവസായ വികസന ഏരിയ / വികസന പ്ലോട്ടുകളിൽ വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ –മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പുനഃ ക്രമീകരിക്കുന്നത് –സംബന്ധിച്ച്.

.........

വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ വികസന ഏരിയ/വികസന പ്ലോട്ടുകളിൽ വ്യവസായ ഭൂമി ഒഴിവുവരുന്ന മുറയ്ക്ക് പുതിയ വ്യവസായ സംരംഭങ്ങൾക്ക് അനുവദിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് വർഷാവർഷം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ വ്യവസായ ഭൂമി അനുവദിച്ചു നൽകുന്നതിനും നിലവിൽ സംവിധാനമുണ്ട്. ഇതിനെ സംബന്ധിച്ച് കാലോചിതമായ ചില മാറ്റങ്ങൾ ആവശ്യമായി വന്നിരിക്കുന്നു. ഭാവിയിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഭൂമി സംരംഭകർക്ക് അനുവദിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഇതിനാൽ പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

മേലിൽ വ്യവസായ ആവശ്യത്തിന് ഭൂമി ആവശ്യപ്പെട്ട് ജില്ലവ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ സ്വീകരിക്കുന്ന അപേക്ഷയോടൊപ്പം അപേക്ഷകൻ ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടും പ്രോജക്ടിന് ആവശ്യം വേണ്ട ഭൂമിയുടെ അളവും പ്ലാന്റിന്റെ ലേ ഔട്ട് പ്ലാനും അപേക്ഷകന്റെ ക്രഡൻഷ്യൽസും (പ്രൊഫൈൽ, വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത, വ്യവസായ മേഖലയിലെ പരിചയം, സാമ്പത്തിക സ്ഥിതി, മുതൽ മുടക്ക് നടത്താനുദ്ദേശിക്കുന്ന ഏതെങ്കിലും ധനകാര്യസ്ഥാപനത്തിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള സാദ്ധ്യത തുടങ്ങിയവ) കൂടി വാങ്ങേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പദ്ധതിരേഖകൾ District Level Project Appraisal Committee(DLPAC)-യുടെ അംഗീകാരം വാങ്ങേണ്ടതാണ്. District Level Project Appraisal Committee-യ്ക്ക് സംശയം ഉള്ള സാഹചര്യത്തിൽ District Level Project Appraisal Committee-യുടെ ശുപാർശയോടുകൂടി Project Evaluation Team(PET)-ന് റഫർചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ District Level Project Appraisal Committee/Project Evaluation Team അംഗീകരിക്കുന്ന പദ്ധതികൾക്ക് മാത്രമേ ജനറൽ മാനേജർമാർ ഇന്റർവ്യൂ നടത്തി വർഷാവർഷം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതുള്ളൂ. അപേക്ഷകന്റെ ആവശ്യം എത്രതന്നെ ആയാലും District Level Project Appraisal Committee/Project Evaluation Team ശുപാർശ ചെയ്യുന്ന അളവ് വ്യവസായ ഭൂമി മാത്രമേ മേലിൽ അനുവദിക്കേണ്ടതുള്ളൂ.

ഒപ്പ്
വ്യവസായ വാണിജ്യ ഡയറക്ടർ